


ഒരു ലിറ്റിൽ കൈറ്റ്സ് ഉൽപ്പന്നം
സംസ്കൃതി
പാറശാല സംസ്കൃത ഹൈ സ്കൂൾ



# OUR HEAD MISTRESS



# LITTLE KITE MEMBERS PSHS



# ഞങ്ങളുടെ വിദ്യാലയം



# പാഠശാല സംസ്കൃത ഹൈ സ്കൂൾ

1823 ൽ കൃഷ്ണഅയ്യർ വേദപഠനത്തിന് പ്രാധാന്യം കൊടുത്തുക്കൊണ്ട് ചിറ്റൂർ തെക്കേഗ്രാമം തുഞ്ചൻ ഗുരുമഠത്തിന് സമീപം ആരംഭിച്ചതാണ് വേദപാഠശാല. പിന്നീട് തെക്കേഇന്ത്യ യിലെ തന്നെ പേരുക്കേട്ട വേദപഠനകേന്ദ്രമായി ഈ വിദ്യാലയം ഇതിനുദാഹരണമാണ് ഇവിടത്തെ ലൈബ്രറി. 1951 ൽ ഇത് ആധുനികവിദ്യാലയമായിമാറി. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകൾ ഇവിടെയുണ്ട്. ഇപ്പോൾ ഈ വിദ്യാലയംഹൈടെക്കായിമാറി.

by akshaya.m





# പത്രാധിപസമിതി



# SCHOOL ASSEMBLY





## സന്ദേശം

വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും വളരെ നല്ല രീതിയിൽ ഉപയോഗിക്കാനുള്ള വൈദഗ്ധ്യവും അഭിരിചുയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവൃത്തിക്കുന്ന നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ എളിമയാർന്ന സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

BY
H.M.GEETHA



# സന്ദേശം

പാഠശാലസംസ്കൃതവിദ്യാലയത്തിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റസ് തയ്യാറാക്കിയ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അനിയായ സന്തോഷമുണ്ട്. ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നതോടെ എല്ലാ വിധ ആശംസകളും അർപ്പിക്കുന്നു.

പി.റ്റി.എ പ്രസിഡന്റ്.

## സന്ദേശം



ലിറ്റിൽ കൈറ്റിന്റെ ഭാഗമായുള്ള കുട്ടികളുടെ സാർഗാത്മക പ്രവർത്തനങ്ങളെ ഹൃദയം തുറന്നഭിനന്ദിക്കുന്നു.

DR.JAYASEELAN.P.R



## സന്ദേശം

പാഠശാല സംസ്കൃത ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ പുറ-ത്തിറക്കുന്ന സംസ്കൃതിക്ക് എല്ലാ വിധ ആശംസകളും നേരുന്നു. ഈ വിദ്യാലയം ചിറ്റൂരിന്റെ ഒരു പൊൻ-ത്തൂവലായി മാറുവാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

BY

LITTLE MASTER

# സന്ദേശം

പാഠശാലയിലെ ലിറ്റിൽ കൈറ്റ്സ് തയ്യാറക്കിയ സംസ്കൃതിക്ക് എല്ലാവിധ ആശംസകളും നേരുന്നു

by little kite teacher anitha

11





# ആമുഖം

Little kite Leader

ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഇവിടെ ഒരു പുതിയ മാനം ഉണ്ടാവുകയാണ്. അവരുടെ രചനകൾ എഴുത്ത് രീതിയിൽ നിന്ന് വിഭിന്നമായി ഡി.റ്റി.പി. ചെയ്ത്  പുറത്തിറക്കുന്നു. എല്ലാവർക്കും അഭിവാദ്യങ്ങൾ!

# ഉള്ളടക്കം


1.മണ്‍ മറയുന്ന വയലുകള്‍

2.മനസ്സ്

3.ജീവിതം

4.കാവല്‍ക്കാരന്‍

5.സെല്‍ഫി

6.പെണ്ണ്

7.കവിത

8.ജീവിതം

9.പുതിയവഴികള്‍

10.ലിറ്റില്‍ കൈറ്റ്

11.മഴവന്ന ഒരു ദിവസത്തെ അനുഭവം

12.വെള്ളച്ചാട്ടം

13.നീ മാത്രം സത്യം

14.നവീന വിദ്യാഭ്യാസം

15.എന്റെ ഡയറികുറിപ്പ്

16.ഗാന്ധിജി

17.വിദ്യ

18.സ്വര്‍ണ്ണാഭരണം

19.ഞങ്ങളുടെ ചിത്രകല

20.കൂടിയാട്ടം

21.എന്റെ കവിതകള്‍

22.പുതിയ തലമുറയ്ക്കായി

23.children's day



മൺമറയുന്ന വയലുകൾ

ഒരു കാലത്ത് കേരള തനിമയുടെ സവിശേഷതയായിരുന്ന വിശാലമായ വയലുകൾ.എന്നാൽ ഇന്ന് നമ്മുടെ വയലുകളും ചതുപ്പ് പ്റദേശങ്ങളും മണ്ണിട്ട് നികത്തികൊണ്ടിരിക്കുന്നു.മഴവെള്ളം മണ്ണിലേക്ക് താഴ് ന്നിറങ്ങുന്ന സ്വാഭാവിക ഇടങ്ങളാണ് നാം ഇങ്ങനെ നികത്തികൊണ്ടിരിക്കുന്നത്.

**BY**

**MANOJ.M**



# മനസ്സ്



റോസാപൂവിലെ ഇദളാണ് നീ

മിന്നിമിന്നി പോകുന്ന മിന്നാമിന്നുങ്ങാണ് നീ.

കവിതയിൽ ചെറിയ വരിയാണ് നീ

എൻ മനസിൽ  ചെറിയ സ്ഥലത്ത് നീ വസിക്കുന്നുണ്ട്.

by
aneesha.n



# മനസ്സ്



റോസാപൂവിലെ ഇദളാണ് നീ

മിന്നിമിന്നി പോകുന്ന മിന്നാമിന്നുങ്ങാണ് നീ.

കവിതയിൽ ചെറിയ വരിയാണ് നീ

എൻ മനസിൽ  ചെറിയ സ്ഥലത്ത് നീ വസിക്കുന്നുണ്ട്.

by
aneesha.n





# ജീവിതം

അമ്മയുടെ മടിയിൽ നിന്നും
പിടിവിട്ട്
താഴേക്കു വീണ
കുഞ്ഞിനെപ്പോലെയാണ്
ജീവിതം
ആകാശത്തിൻെറ കണ്ണുനീർ പൊഴിയുന്നതു
പോലെയും
കറ്റടിച്ച് ഒരു പൂവിൻെറ ഇതൾ പൊഴിയു-
ന്നതുപോലെയാണ് ......

എന്റെ ജീവിതം

BY ANUNAYA.R



# കാവൽക്കാരൻ

ഒരു നഗരത്തിൽ ബാസൻ എന്ന ധനികനായ വ്യാപാരി ജീവിച്ചിരുന്നു. ഒരു ദിവസം നാട്ടിൽ കള്ളനിറങ്ങി എന്ന വാർത്ത വ്യാജമായി പടർന്നു.അദ്ദേഹത്തിന് വളരെ ഭയമായി.ഭയത്തെ തുടർന്ന് വീടിനുചുറ്റം കാവൽ നായികളെ നിർത്തി.ആ രാത്രി ബാസന് സുഖമായി ഉറങ്ങാൻ കഴിഞ്ഞു.അന്ന് രാത്രി തന്നെ നായകൾ കുരയ്ക്കാതെ തന്നെ കള്ളൻ ഉള്ളിലേക്ക് കയറി.എങ്ങനെയെന്നാൽ നായകൾ കുരയ്ക്കാതിരിക്കാൻ ബിസ്ക്കറ്റുകൾ ഫീസായി കൊടുത്തിട്ടാണ് കയറിയത്.ഇതു കണ്ട ബാസൻ പെട്ടന്നുണർന്നപ്പോഴാണ് അറിഞ്ഞത് അതൊരു സ്വപ്നമാണെന്ന്.

by akshaya
IX.A



# സെൽഫി

നമ്മുടെ ചങ്ങാതിയാണ് സെൽഫി.
സെൽഫി നമ്മുടെ മുഖഛായം നല്ല
ഭംഗിയാക്കിതരുന്നു.
കൂട്ടുകാരോടൊപ്പം എടുക്കും സെൽഫി
നമ്മുടെ മുഖഛായം മറന്നാലും
സെൽഫിയെ മറക്കരുത്.

by

അമൃത 18





# പെണ്ണ്

കരിയും പുകയും പുരണ്ടിരിക്കേണ്ടതല്ല
ഒരു പെണ്ണിന്റെ ജീവിതം
മറിച്ച് അവൾ ആരാണ് എന്ന്
ഈ ലോകത്തോട് വിളിച്ച് പറയുന്നവളാവണം

നാല് ചുവരുകൾക്കുളിൽ
ഒതുങ്ങി കൂടി അവൾ തനെ
അറിയാതെ പോവരുത്

അവളുടെ മുന്നിലേക്ക്
ചൂണ്ടിയ വിരൽ തിരിച്ച്
ചൂണ്ടുവാനും അറിയുന്നവളാവണം
യഥാർത്ഥത്തിൽ പെണ്ണ്.

BY
abhin.k



<u>കവിത</u>

## കല്ലും പുല്ലും കടുവയും ചേർന്ന് ഒരു പുതിയ നക്ഷത്രം ഉണ്ടാകുന്നതാണ് കവിത

**by**
**sreejith.s**



<u>കവിത</u>

**കല്ലും പുല്ലും കടുവയും ചേർന്ന് ഒരു പുതിയ നക്ഷത്രം ഉണ്ടാകുന്നതാണ്**

**കവിത**

**by**
**sreejith.s**



# <u>ജീവിതം</u>

## ജീവിതം ഒരാകാശം



ഉദയങ്ങളും അസ്തമയങ്ങളും
വഴിനടന്ന് മറയുന്നത്
ഗൗനിക്കാതെ
ഗണിച്ചിടാതെ
അനന്തമായി കിടക്കുന്ന ആകാശം.
ആകാശത്തിൽ
വിധിയുടെയും യാദ്രശ്ചികതയുടെയും
മധ്യത്തിൽ നഷ്ടപ്പെട്ടുപോകുന്ന
സ്വന്തം  നക്ഷത്രങ്ങളെവിടെയെന്ന്
തെരയാനായിമലർന്നുകിടക്കുന്ന മനസ്സ്
ജീവിതം മനസ്സിലേയ്ക്കും
മനസ്സ് ജീവിതത്തിലേയ്ക്കും
നോക്കികൊണ്ടിരിക്കുമ്പോഴാണ്
ചില പ്രഹരങ്ങൾ പാഞ്ഞുകൊണ്ടിരിക്കുന്നത്.
പ്രഹരങ്ങളിൽനിന്നാണ്കഠിനഹൃദയംരൂപപെ
ട്ടുന്നത്

By vishnudas.R 21

# പുതിയ വഴികൾ



കാടിനം പുക്കവരാരും

തന്നിണയെ പൂണ്ടില്ലല്ലോ

കാടിനകം  കണ്ടരാരും

തന്നില്ലും  കണ്ടില്ലല്ലോ

by sanusha

# LITTLE KITES

വിവരവിനിമയ സാങ്കേതികവിദ്യയിൽ മുന്നേറ്റം സൃഷ്ടിച്ച ഒരു ക്ലബാണ് ലിറ്റിൽ കൈറ്റ് . ലിറ്റിൽ കൈറ്റിന്റ ഭാഗമായി ഹൈടക് ക്ലാസ് മുറികളും നിലവിൽ വന്ന ഐ ടി പരമായ ഈ ക്ലബ് ഒരു തലമുറയെ രൂപപെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ട് പോകുന്നത്.കുട്ടികൾക്ക് ഐ ടി പരമായ പുതിയ അറിവുകൾ പകർന്നു കൊടുക്കുക എന്നതാണ് ലക്ഷ്യം





# മഴവന്ന ഒരു ദിവസത്തെ അനുഭവം

ഞാൻ 2-ആം ക്ലാസ്സിൽ പഠിക്കുമ്പോൾ എന്റെ ഏട്ടൻ 4-ആം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. എന്റെ വീട്ടിൽ നിന്ന് കുറച്ച് ദൂരം മാത്രമേ ഉള്ളു സ്കൂ-ള്ളിലേക്ക് അതുകൊണ്ട് ഞാനും ഏട്ടനും മറ്റ് കുട്ടികളും എല്ലാവരും നടന്നാണ് സ്കൂളിൽ പോയതും വന്നതും.ഒരു ദിവസം ഞാനും ഏട്ടനും സ്കൂൾ കഴിഞ്ഞ് നടന്ന് വരുമ്പോൾ നല്ല മഴയും ഇടിമിന്നലും ഉണ്ടായിരിന്നു.ഇരുവശത്തും വീടുകൾ ഉണ്ടായിരുന്നില്ല. അപ്പോൾ മഴനനയാതിരിക്കാൻ വലിയ തേക്കിന്റെ ഇല വലിച്ച് തലയിൽ വച്ചുകൊണ്ട് വീട്ടിലേക്ക് പോയി .ഈ അനുഭവം ഇന്നും എന്റെ മനസ്സിൽ ഉണ്ട് .

by little kite leader
akshaya.m





<u>വെള്ളച്ചാട്ടം</u>

**കാണാൻ**

**സുന്ദരം**

**ജലം**

**കൂടിയാൽ**

**അപകടം**

**by**

**അമൽ.പി**



# നീ മാത്രം സത്യം

കാലമേ,കലിയുക!

സദയം വെട്ടിക്കള-

ഞ്ഞാലുമെൻ കൈക്കുറ്റപ്പാ-

ടിലുള്ള പാവാക്കുകൾ.

അർത്ഥമുള്ളവ, നിത്യ-

പ്രണവ സംഗീതസാ-

ന്ദ്രാനന്ദം പൊഴിപ്പവ,

വല്ലതും ശേഷിക്കുകിൽ

അതുമാത്രം നീ ശേഖ-

രിച്ചുവെക്കുക!

By
gayathri.k



# നവീന വിദ്യാഭ്യാസം

ജനങ്ങളുടെ അവശ്യങ്ങൾക്ക്
നിറവേറ്റുന്നുണ്ടോ ഈ വിദ്യാഭ്യാസം
എന്നതാണ് ചോദ്യം.ഇന്ത്യയിൽ
മറ്റിടങ്ങളിലെന്നപോലെ ബറോഡയിലും
കൃഷിക്കാണ് കൂടുതൽ.കൃഷിക്കാരുടെ
കുട്ടികളെ കൂടുതൽ മെച്ചപ്പെട്ട
കൃഷിക്കാരക്കുന്നുണ്ടോ ഈ
വിദ്യാഭ്യാസം ഇത് അവരുടെ
അതമിയവും ഭൗതികവുമായ വികാസം
മെച്ചപ്പെടുത്തുന്നുണ്ടോ!ഫലം
വ്യക്തമാക്കാൻ അമ്പതുകൊല്ലം
ധാരാളമാണ്.അത്
തൃപ്തികരമല്ലെന്നഭയമുണ്ട്

Adarsh.s



# എന്റെ ഡയറി

ഹൊ ! ഇന്നൊരു  പണിയും ഇല്ല. വീട്ടിൽ മിണ്ടാതെയിരിക്കുക, കഴിക്കുക,  കിടന്നുറങ്ങുക അത്രേയുള്ളു. പിന്നെ എന്റെ അമ്മയ്ക്ക്  ക്ഷീണം എന്നാണ് പറഞ്ഞത് ഞാൻ നേർത്തെയൊന്നും അമ്മയെ കുറിച്ച് ഓർത്തില്ല പക്ഷേ ഇപ്പോൾ ഓർക്കുമ്പോൾ നെഞ്ചു  പൊട്ടുന്നു .ഏതായാലും ഞാൻ പറഞ്ഞത്  സാറിനെ വിഷമിപ്പിക്കുന്നില്ല. എനിക്കറിയാം സാറിന് ഇങ്ങനെയുള്ള  കാര്യങ്ങൾ കേൾക്കുമ്പോൾ വിഷമമാകും , സാർ കർശനക്കാരനാണ് പക്ഷേ  ഇങ്ങനെയുള്ള കാര്യങ്ങൾ കേൾക്കുമ്പോൾ, കാണുമ്പോൾ സാറിന്റെ  മനസ്സ് അലിയും അത് എനിക്കറിയാം .

എന്ന്

രഞ്ജിത്ത്



# ഗാന്ധിജി

ഒരു മനുഷ്യനിലുള്ള അഹിംസ

കരുണ, സ്നേഹം സത്യം എന്നീ

ഗുണങ്ങൾ യഥാർത്ഥത്തിൽ

പരിക്ഷണവിതധയമാകുന്നത്

നിർദയത്വം , ഹിംസ,ദേഷ്യം

അസത്യം എന്നിവയുമായി


ഏട്ടുമുട്ടുമ്പാൾ മാത്രമാണ്.

ജാതി , മത, വർഗം, വിപേജനം

ഇല്ലതെ ജനങ്ങൾ ഒത്തുരുമയോടെ

ജിവിക്കണം

by
sana





# വിദ്യ

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ വിരിയുന്നു
ആരുമറിയാതിയാതിരിക്കട്ടെ
ഈ മരുലോകമെന്നു

കരുതുമ്പോഴും... കൂടുതൽ
പാഴ്ജന്മങ്ങൾ





# സ്വർണ്ണാഭരണം

പണ്ട് പണ്ട്  ഒരു സാമ്രാജ്യത്ത് ഒരു രാജകുമാരി ഉണ്ടായിരുന്നു. ആ രാജകുമാരിക്ക് രാജകുമാരൻ ഒരു മാല കൊടുത്തു. അതിൽ വിലപിടിപ്പുള്ള സ്വർണ്ണം,വൈരം,വൈഢൂര്യം എന്നിവ ഉൾകൊണ്ട  ഒരു സ്വർണ്ണമാലയായിരുന്നു അത്.രാജ-കുമാരി ഒരു ദിവസം പ്രധാനപ്പെട്ട ജോലിയിൽ മുഴുകിയിരികുകയായിരുന്നു. ആ തക്ക സമയം നോക്കി ഒരു പരുന്ത് ആ ആഭരണത്തെ എടുത്തുകൊണ്ടു-പോയി. അത് കണ്ട രാജകുമാരി ഭടൻമാരെ ആ പരുന്തിനെ കീഴടക്കി സ്വർണ്ണാഭരണം കൈക്കലാക്കാൻ ഉത്തരവിട്ടു. ഇതുകേട്ട മന്ത്രി രാജാവിനോട് പറഞ്ഞു. അതുകേട്ട് ധൃതിപ്പെട്ട രാജാവ് തന്റെ കുതിരയോടുകുടി പുറപ്പെട്ടു.ആ സമയം പരുന്തിനെ കണ്ട രാജാവ്  അതിനെ ആക്രമിക്കാൻ തുടങ്ങി. ആക്രമണത്തിനിടെ ആ പരുന്ത് വഴിയിൽ കണ്ട പാമ്പ്പ്പുറ്റിലേക്ക് ആ ആഭരണത്തെ എറിഞ്ഞു അതു കണ്ട രാജാവ് പുറ്റിലേക്ക് പാഞ്ഞെത്തി. പുറ്റിൽ ക്രൂരമായ പാമ്പുണ്ടായിരുന്നു. പാമ്പുപുറ്റിലേക്ക് രാജാവ് കൈ ഇട്ടു. അതു കണ്ട പാമ്പ് രാജാവിന്റെ കൈയിൽ

കൊത്തി.ഭാഗ്യം കൊണ്ട് രാജാവിന്റെ കൈവളയിലാ-
ണ് പാമ്പ് കടിയേറ്റത്. ആ പമ്പിനെ ഭടൻമാർ കൊ-
ന്നടക്കി. ആ പാമ്പിന്റെ മരണം രാജാവ് കണ്ണുന്നേർ
കണ്ടു. അതിനുശേഷം രാജാവ് തന്റെ കൊട്ടാരത്തിലേ
ക്ക് മടങ്ങി എത്തി. തന്റെ രാജകുമാരിക്ക് ആ
ആഭരണം സമർപ്പിച്ചു. അതിനുശേഷം അവരുടെ
പ്രണയഗീതം മുഴങ്ങി.

# ഞങ്ങളുടെ ചിത്രകല







# ഞങ്ങളുടെ ചിത്രകല






Syindith-D
Roll No 15
P.S H.S









## കൂടിയാട്ടം

ഇന്ന് ലോകത്ത് ശോഭിക്കുന്നതും സജീവവുമായ സംസ്കൃത കലാരൂപമാണ് കൂടിയാട്ടം.2006-ൽ യുനസ്കോ സഭയാൽ വിശ്വപൈതൃ കലാരൂപത്താൽ അംഗീകരിക്കപ്പെട്ട കൂടിയാട്ടം എന്ന കലാരൂപത്തെ സംസ്കൃതോത്സവത്തിൽ ജില്ലാതലതലം വരെ അവതരിപ്പിച്ച വിദ്യാലയത്തിലെ കുട്ടകാർക്ക്അഭിനന്ദനങ്ങൾ





## കണ്ണന്നീർ

കണിൽ നിന്ന് വിഴുന്ന ഓരോ

കണ്ണനീരും ഓരോ ഈണത്തി

ലായിരിക്കും.

## പൊന്ന്

അമ്മക്ക് ഞാൻ ഒരു പൊന്ന്.

എനിക്ക് എന്റെ അമ്മയാണ് പൊന്ന്.

എന്റെ മനസ്സാണ് പൊന്ന്

## സ്നേഹം

മനസ്സിന്റെ ആഴ്ലിണറ്റിൻ ആഴ്ലിറങ്ങുവാൻ

കഴിയുന്നതാണ് സ്നേഹം.

സ്നേഹം കഴിവിലലല്ല

മനസ്സിലാണ്

ഗുണത്തിലല്ല ഗുരുവിലാണ്

സ്നേഹം തിൻമയിലല്ല

നൻമയിലാണ്

## മഴ

മഴകാലം വന്നു

മനസ്സ് നിറഞ്ഞു

ചെടികൾ വളർന്നു

പുഴകൾ നിറഞ്ഞു

മഴകാലം വന്നു

മനസ്സ് നിറഞ്ഞു

## അമ്മ

കരിയും പുകയും

പുരണ്ടിരികം

അമ്മകുണ്ടോരു

സാമ്രാജ്യം

അമ്മയില്ലെങ്കിൽ

കത്തിതീരുമി

സാമ്രാജ്യം



# പുതിയ തലമുറക്കായി

ജീവന്റെ ആശയം നമ്മുടെ ജീവിതത്തിലാ-ണുള്ളത്.ജീവിക്കാനുള്ള ആശയം നമ്മുടെ നല്ല പ്രവർത്തിയിലും, മനസ്സിലുമാണ് വേണ്ടത്.

അതിന് നല്ല മനസ്സും, നല്ല വിദ്യാലയവും, നല്ല സംസ്കാരവുമാണ് വേണ്ടത്. നല്ല മനുഷ്യനാവാൻ മറ്റുള്ളവരുടെ താങ്ങലാണ് വേണ്ടത്. നല്ല പ്രവർത്തികൾ ചെയ്യുമ്പോഴാണ് നമ്മൾ നല്ല മനുഷ്യനായി ഉണരുക.

# CHILDREN'S  DAY



Children are like buds in a garden and should be carefully and lovingly nurtured,as they are the future of the nation and the citizens of  tomorrow.

By vishnudas.R

# ഉപദേശകസമിതി









# നന്ദി..........

